

# കേരളത്തിലെ സാമൂഹിക ക്ഷേമപദ്ധതികൾ

**അഭയ :** നിർധനരായ രോഗികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതി. തിരഞ്ഞെടുത്ത സർക്കാർ ആശുപത്രികൾ വഴിയാണു പദ്ധതി നടപ്പിലാക്കുന്നത്.

**അഭയകിരണം :** അഗതികളായ വിധവകളെ സംരക്ഷിക്കുന്നവർക്കു പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്ന പുതിയ പദ്ധതിയാണിത്. ആദ്യഘട്ടമായി 200 പേർക്ക് സഹായം നൽകും. 50 വയസ്സിനുമേലുള്ള വിധവകളെയാണ് ഈ പദ്ധതിക്ക് പരിഗണിക്കുക.

**അന്നപ്രദായിനി:** അട്ടപ്പാടി സംയോജിത ശിശു വികസന പദ്ധതിയിലെ 175 അംഗനവാടികളിൽ 2013 മുതൽ നടപ്പാക്കി വരുന്ന ഉച്ചഭക്ഷണ പരിപാടി. കുടുംബശ്രീ മിഷൻ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

**അന്നദായിനി :** കേരള സാമൂഹ്യമിഷന്റെ ആഭിമുഖ്യത്തിൽ ആദിവാസി വിഭാഗങ്ങൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി.

**അനുയാത്ര :** ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള പദ്ധതി

**അമ്മത്തൊട്ടിൽ :** അനാഥരായ നവജാതശിശുക്കളെ ഏ



റ്റെടുക്കാൻ സാമൂഹികക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതി.

**അമൃതം – ആരോഗ്യം** : ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ രോഗനിർണയവും ചികിത്സയും ഉറപ്പുവരുത്തുന്ന ആരോഗ്യപദ്ധതി. മുപ്പതിനുമേൽ പ്രായമുള്ളവരാണ് പദ്ധതിയനുസരിച്ച് സ്ക്രീനിങ്ങിന് വിധേയരാകുന്നത്.

**അതുല്യം:** സംസ്ഥാന സാക്ഷരതാമിഷൻെറ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തിലും നടപ്പാക്കുന്ന സാക്ഷരതാ പദ്ധതി.

**ആർദ്രം:** മികച്ച ചികിത്സാസൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ജനസൗഹൃദ സർക്കാർ ആശുപത്രികൾ സജ്ജമാക്കുന്ന പദ്ധതി.

**ആയുർദളം :** എയ്ഡ്സ് ബോധവൽക്കരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി.

**ആലില പദ്ധതി :** സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതി. വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നതിനുള്ള പദ്ധതിയാണിത്.

**ആശാഭവൻ :** മനോരോഗ ചികിത്സയ്ക്കുശേഷം ഏറ്റെടുക്കാൻ ആളില്ലാത്തവരെ സംരക്ഷിക്കുന്നതിനുള്ള സ്ഥാപനം. ഇത്തരം ആറു സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു.തിരുവനന്തപുരത്തും തൃശൂരും കോഴിക്കോട്ടും വനിതകൾക്കായി പ്രത്യേക ആശാഭവനുകൾ പ്രവർത്തിക്കുന്നു. പുരുഷന്മാർക്കായി എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ആശാഭവനുകളുണ്ട്.

**ആശാകിരണം :** സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഇൻഷുറൻസ് പദ്ധതിയാണ് ആശാകിരണം.

**ആശ്വാസകിരൺ :** കിടപ്പു രോഗികളെ ശുശ്രൂഷിക്കുന്നവർക്ക് പ്രതിമാസം പെൻഷൻ നൽകുന്ന പദ്ധതി. 600 രൂപയാണ് നൽകുന്നത്.

**ആശ്വാസ്:** വിദ്യാഭ്യാസാവകാശ നിയമപ്രകാരം ആറുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു കായിക - വിദ്യാഭ്യാസം. കലാപഠനം, തൊഴിൽ വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത സ്കൂളുകളെ ആശ്വാസ (ആർട്സ്, സ്പോർട്സ് വർക്ക്, എജൂക്കേഷൻ ആൻഡ് സ്കൂൾ) കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി.

**ആരോഗ്യകിരണം :** സംസ്ഥാനത്തെ എപിഎൽ - ബിപിഎൽ വ്യത്യാസമില്ലാതെ 18 വയസ്സിന് താഴെയുള്ള അർബുദ - ഹൃദ്രോഗ - വൃക്ക - മസ്തിഷ്ക രോഗം ഉൾപ്പെടെയുള്ള രോഗികൾക്ക് സൗജന്യചികിത്സ ഉറപ്പാക്കുന്ന പദ്ധതി.

**ആപ്തമിത്രം :** പ്രകൃതിദുരന്തങ്ങളിൽപെടുന്നവർക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി. രാജ്യാന്തര ദുരന്ത ലഘൂകരണ ദിനത്തോടനുബന്ധിച്ച് 3000 പേർക്കാണ് ഇതിനാവശ്യമായ പരിശീലനം നൽകിയത്.

**ആഫ്റ്റർകെയർ ഹോം:** സാമൂഹിക നീതി വകുപ്പിന്റെ ചിൽഡ്രൻസ് ഹോം, സ്പെഷൽ ഹോം, ബാലമന്ദിരം, പുവർ ഹോം, അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ 18 വയസ്സ് കഴിഞ്ഞ വനിതകളെ പുനരധിവസിപ്പിക്കുന്ന സ്ഥാപനം. വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും സൗകര്യം നൽകും.

**ഇ – ഗവേണൻസ്:** സർക്കാർ സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പൊതുജനങ്ങൾക്കു പരിചിതമാക്കുന്ന പദ്ധതി.

**ഉത്തരവാദിത്ത ടൂറിസം :** സ്ഥായിയായ ടൂറിസം പദ്ധതി എന്ന ആശയത്തോടെ ടൂറിസം വകുപ്പ് 2007ൽ ആരംഭിച്ച നൂതന പദ്ധതി. കുടുംബശ്രീയുടെ സഹായത്താൽ ടൂറിസം വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്.

**എസ്കോട്ട്:** സംസ്ഥാനം ഊർജ്ജക്ഷമത കൈവരിക്കുന്നതിനും അതിലൂടെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതി (എസ്കോട്ട് എനർജി സേവിങ് കോ- ഓർഡിനേഷൻ ടീം).

**എന്റെ മരം :** കേരള വിദ്യാഭ്യാസ വകുപ്പും വനം വകുപ്പും സംയുക്തമായി നടത്തുന്ന വനവൽക്കരണ പദ്ധതി.




**എന്റെ കൂട് :** വഴിയോരങ്ങളിൽ അലഞ്ഞുതിരിയുന്നവർക്ക് രാത്രി വിശ്രമസ്ഥലം ഒരുക്കുന്ന പദ്ധതിയാണ് ഇത്. സിസിടിവി നിരീക്ഷണമുള്ള ഇവിടെ ഭക്ഷണവും വസ്ത്രവും കുളിമുറിയും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടാകും.

**ഐടി @സ്കൂൾ :** വിദ്യാലയങ്ങളിൽ വിവരസാങ്കേതിക വിദ്യ അധിഷ്ഠിതമാക്കി അധ്യയനരീതി പുനരാവിഷ്കരിക്കാനായി പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച പദ്ധതി.

**ഒരു നെല്ലും – ഒരു മീനും :** കുട്ടനാട്ടിലെ കോൾ നിലങ്ങളിൽ നെൽകൃഷിക്കൊപ്പം മത്സ്യകൃഷിയും നടത്തുന്ന പദ്ധതി.

**ഒരുമ :** കേരള വിദ്യുച്ഛക്തി ബോർഡിന്റെ ഓൺലൈൻ സംവിധാനം.

**ഓപ്പറേഷൻ കുബേര :** ബ്ലേഡ് പലിശക്കാരുടെ ചൂഷണങ്ങളിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ ആഭ്യന്തര വകുപ്പ് ആരംഭിച്ച പദ്ധതി.

**ഓപ്പറേഷൻ സുരക്ഷ :** അക്രമികളെയും ഭൂമാഫിയകളെയും സാമൂഹ്യവിരുദ്ധരെയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയും അക്രമം നടത്തുന്നവരെയും അമർച്ച ചെയ്ത് സമാധാന ജനജീവിതം ഉറപ്പുവരുത്തുന്നതിനായി ആഭ്യന്തരവകുപ്പിന്റെ പദ്ധതി.

**ഓപ്പറേഷൻ സുലൈമാനി :** കോഴിക്കോട് ജില്ലാ ഭരണകൂടവും ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനും സംയുക്തമായി നടപ്പാക്കിയ സൗജന്യ ഭക്ഷണ വിതരണ പദ്ധതി.

**ഓപ്പറേഷൻ സ്വീപ്പ്:** പൊതുസ്ഥലങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നതു തടയാൻ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ആവിഷ്കരിച്ച പദ്ധതി.

**കരുത്ത് :** പെൺകുട്ടികൾക്ക് ആയോധനകലകളിൽ പരിശീലനം നൽകി അവരിൽ ആത്മധൈര്യവും സുരക്ഷിതത്വബോധവും വർധിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് വിദ്യാ



ഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി.

**കാൻസർ സുരക്ഷ :** കാൻസർ ബാധിച്ച 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി. ചെലവേറിയ ചികിത്സ വേണ്ടവർക്ക് തുക പരിമിതപ്പെടുത്തിയിട്ടില്ല. 2008 നവംബർ 1ന് ആരംഭിച്ചു.

**കാരുണ്യ പദ്ധതി :** കാൻസർ, ഹൃദയരോഗം, വൃക്കരോഗം, ഹീമോഫീലിയ എന്നീ രോഗങ്ങൾ ബാധിച്ച സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള ചികിത്സാ പദ്ധതി. സാമ്പത്തിക സഹായത്തിനുള്ള തുക കണ്ടെത്തുന്നത് ‘കാരുണ്യ’ ലോട്ടറിയിലൂടെയാണ്.

**കാരുണ്യ സമ്പാദ്യപദ്ധതി:** ഒരുലക്ഷമോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിനുശേഷം നിക്ഷേപത്തുക തിരിച്ചു നൽകുകയും അതിന്റെ പലിശയും സാമൂഹിക സുരക്ഷാ മിഷൻ ഫണ്ടിൽ നിന്നുള്ള തത്തുല്യ തുകയും ചേർത്ത് ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിഭവസമാഹരണത്തിനുള്ള പദ്ധതി. നിക്ഷേപകന് ഗുണഭോക്താവിനെ നിർദ്ദേശിക്കാം.

**കുരുവിക്ക് ഒരു കൂട് :**നിലനിൽപ്പിനു വൻഭീഷണി നേരിടുന്ന അങ്ങാടിക്കുരുവികളെ സംരക്ഷിക്കാൻ തടിക്കൊണ്ടുള്ള കൂടുകൾ നിർമ്മിച്ച് കൊണ്ടു നടപ്പാക്കുന്ന നൂതന പദ്ധതി.

**കുടുംബശ്രീ – ട്രാവൽസ്:** കുടുംബശ്രീയുടെ നേതൃത്വ

ത്തിൽ സ്ത്രീകളുടെ സുരക്ഷിതയാത്രയ്ക്കായി ആരംഭിച്ച ടാക്സി സർവീസ്.

**കെയർ ഗിവർ :** ഒറ്റയ്ക്ക് താമസിക്കുന്ന 60 വയസ്സുകഴിഞ്ഞവരെ സഹായിക്കാനായി കുടുംബശ്രീ തയ്യാറാക്കിയ പദ്ധതിയാണിത്. കുടുംബശ്രീ പ്രവർത്തകർക്ക് ഇതിനുവേണ്ട പരിശീലനം നൽകുന്നു.

**കെസ്റു:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ്. (കെസ്റു- കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേഡ് അൺഎംപ്ലോയ്ഡ്).

**കേരഗ്രാമം പദ്ധതി :** സംയോജിത വിള പരിപാലന രീതികൾ വഴി തെങ്ങ് സംരക്ഷണം, നാളികേര അഭിവൃദ്ധി എന്നിവ സാധ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതി.

**കൈത്താങ്ങ് :** അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി. ഇത്തരം കുട്ടികൾക്ക് പ്രതിമാസം ധനസഹായം അനുവദിക്കുന്നുണ്ട്.

**ക്യൂ :** യാത്രക്കാർക്ക് വൃത്തിയുള്ള ശുചിമുറി സൗകര്യം സൗജന്യമായി ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി.

**ഗ്രീൻ ബെൽറ്റ് :** കൊളസ്ട്രോൾ ഇല്ലാതാക്കി ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിനായി മുറിച്ചെടുത്ത പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തി കുടുംബശ്രീ തയ്യാറാക്കുന്ന ബൗളാണ് 'ഗ്രീൻ ബെൽറ്റ്'. ജൈവകൃഷി രീതിയിൽ ഉത്പാദിപ്പിക്കുന്നവയാണ് മിക്ക പച്ചക്കറികളും.

**ഗോത്ര ബന്ധു :** ആദിവാസി വിഭാഗങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി ആദിവാസി വിഭാഗത്തിലെതന്നെ അഭ്യസ്തവിദ്യരായ യുവാക്കളെ പ്രൈമറി സ്കൂളുകളിൽ മെന്റർമാരായി നിയോഗിക്കുന്ന പദ്ധതി.

**ഗോത്രസാരഥി:** ആദിവാസി ഊരുകളിൽനിന്നു കുട്ടികളെ സ്കൂളിലെത്തിക്കാനുള്ള കേരള സർക്കാർ പദ്ധതി.

**ഗോത്രജ്യോതി :** പട്ടികവർഗ്ഗ യുവജനങ്ങളുടെ ക്ഷേമത്തിനായുള്ള കേരള സർക്കാർ പദ്ധതി.

**ജനനി - ജന്മരക്ഷ:** കേരളത്തിലെ പട്ടികജാതി - പട്ടികവർഗ്ഗക്കാരായ അമ്മമാർക്കും ഗർഭിണികൾക്കും പോഷകാഹാരം നൽകുന്നതിനായുള്ള പദ്ധതി. ഗർഭാവസ്ഥയു



ടെ മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സാകുന്നതുവരെയാണ് പദ്ധതി കാലയളവ്.

**ജലനിധി :** ഗ്രാമീണ ജനതയ്ക്ക് ജലം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതി.

**ജലസമൃദ്ധ കേരളം :** ജനപങ്കാളിത്തത്തോടെ ജലസ്രോതസ്സുകളുടെ സംരക്ഷണം നടപ്പാക്കുന്നതിനുള്ള പദ്ധതി.

**തന്റേടം :** കേരളത്തിൽ സ്ഥാപിക്കുന്ന ജെൻഡർ പാർക്ക് സ്ത്രീ-പുരുഷ അസമത്വം ഇല്ലാതാക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

**താലോലം :** പതിനെട്ടുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ എന്നിവയ്ക്കും എൻഡോസൾഫാൻ രോഗ ബാധിതർക്കും, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് ലഭ്യമാക്കുന്ന പദ്ധതി.

**തൂവൽസ്പർശം :** സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ ലക്ഷ്യമിട്ടുള്ള പദ്ധതി.

**ദിശ ഹെൽപ്പ് ലൈൻ :** പരീക്ഷക്കാലത്ത് കുട്ടികൾ നേരിടുന്ന മാനസിക സമ്മർദ്ദങ്ങളെ ഫലപ്രദമായി നേരിടാൻ കുട്ടികളെ പ്രാപ്തരാക്കാൻ വേണ്ടി ആരംഭിച്ച പദ്ധതി. കൗൺസിലർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്.ടോൾ ഫ്രീ നമ്പർ 1056.

**നവപ്രഭ :** പല കാരണങ്ങളാൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ഒമ്പതാം ക്ലാസ് വിദ്യാർഥികളുടെ ഉന്നമനത്തിനായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതി.

**നിർഭയ പദ്ധതി :** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതി. 2012ൽ തുടങ്ങി. പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസവും ഏകീകരണവും എന്നിങ്ങനെ നാല് പ്രധാന മേഖലകളിൽ ഇതുവഴി സർക്കാർ ഇടപെടും.

**നിർഭയ ഷെൽട്ടർ ഹോം :** ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടികളെ സുരക്ഷിതമായി പാർപ്പിക്കാൻ 13 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ്, തൃശൂർ ജില്ലകളിൽ ഷെൽട്ടർ ഹോമുകളുണ്ട്.

**നിർഭയ കേരളം - സുരക്ഷിത കേരളം :** സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ആഭ്യന്തര വകുപ്പ് ആരംഭിച്ച പദ്ധതി.

**നിരാമയ ആരോഗ്യ ഇൻഷുറൻസ് :** ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധി വൈകല്യം തുടങ്ങിയ രോഗാവസ്ഥയിലുള്ളവർക്ക് ഒരു ലക്ഷം രൂപയുടെ കവറേജ് നൽകുന്ന ഇൻഷുറൻസ് പദ്ധതി.

**നിറവ് :** വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതി.

**നോ യുവർ ജൂറിസ്ഡിക്ഷൻ :** കേരള പോലീസിന്റെ ഈ മൊബൈൽ ആപ് വഴി ഏത് സ്റ്റേഷൻ പരിധിയിലാണ് ഉള്ളത് എന്നതു സംബന്ധിച്ച് ഒരാൾക്ക് അറിയാനും അവരുമായി ബന്ധപ്പെടാനും കഴിയും.

**നൈപുണ്യം :** സംസ്ഥാനത്തെ ഹയർസെക്കൻഡറി - കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിനൊപ്പം എന്തെങ്കിലും തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി.

**പാലിയേറ്റീവ് പ്രസ്ഥാനം :** പ്രാദേശികതലത്തിൽ സാധാരണക്കാരും ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരും സാമൂഹിക - രാഷ്ട്രീയ പ്രവർത്തകരും ഒത്തുചേർന്ന് ശയ്യാവലംബരായി ജീവിതദുരിതമനുഭവിക്കുന്നവർക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്നതിന് രൂപം നൽകിയ പ്രസ്ഥാനം.

**പാഥേയം :** ഒരു നേരം വിശപ്പടക്കാൻ വഴിയില്ലാത്ത അശരണർക്ക് വീട്ടിൽ പൊതിച്ചോർ എത്തിക്കുന്ന പദ്ധതി. കുടുംബശ്രീയുമായി സഹകരിച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്താണ് പദ്ധതി നടപ്പാക്കുന്നത്.

**പഠനവീട് :** സ്കൂൾതലത്തിൽ പഠനം ഉപേക്ഷിക്കുന്ന ആദിവാസി വിദ്യാർത്ഥികൾക്ക് തുടർപഠനസൗകര്യം ഒരുക്കുന്നതിന് സർവ്വശിക്ഷാ അഭിയാൻെറ നേതൃത്വത്തിൽ ആവിഷ്കരിച്ച പദ്ധതി. ഇടുക്കി ജില്ലയിലെ മറയൂരിൽ പദ്ധതിക്ക് തുടക്കമിട്ടു.

**പിങ്ക് ബീറ്റ് :** പൊതുഇടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സമ്പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്ന പൊലീസ് സംവിധാനം. പ്രത്യേക പരിശീലനം നേടിയ വനിതാ പോലീസ് ഉദ്യോഗസ്ഥർ തിരക്കേറിയ സമയങ്ങളിൽ ബസ്, ബസ്സ്റ്റോപ്പ്, സ്കൂൾ, കോളേജ് പരിസരങ്ങളിൽ സഞ്ചരിച്ച് പ്രശ്നങ്ങളുണ്ടായാൽ നടപടിയെടുക്കുന്ന പദ്ധതി.



**പിങ്ക് പെട്രോൾ :** തിരുവനന്തപുരം, കൊല്ലം, എറണാകുളം,തൃശൂർ, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിൽ 1515 ഡയൽ ചെയ്താൽ ജിഐഎസ്ജിപി എന്ന സംവിധാനത്തിലൂടെ കൃത്യമായി സ്ഥലം കണ്ടെടുത്ത് സഹായമെത്തിക്കുന്ന വനിതാ പോലീസ് വാഹന സംവിധാനമാണ് പിങ്ക് പെട്രോൾ. ഡ്രൈവറുൾപ്പെടെ എല്ലാവരും വനിതകളായിരിക്കും.

**പുനർജനി :** തിരുവനന്തപുരം നഗരത്തിലെ ചേരികളിലെ കുട്ടികൾക്കു പരിശീലനം നൽകി മികച്ച പൗരന്മാരായി വാർത്തെടുക്കുന്നതിന് ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന രണ്ടുമാസത്തെ വേനൽ ക്യാമ്പാണ് പുനർജനി. എസ്സിഇആർടിയുടെ സഹകരണത്തോടെ 40 പേർക്കാണ് പരിശീലനം.

**പുണ്യം - പൂങ്കാവനം :** ശബരിമലയിലെ ശുചീകരണവുമായി ബന്ധപ്പെട്ട പദ്ധതി.

**പെപ്പർ ടൂറിസം :** ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന വിനോദസഞ്ചാര പദ്ധതി 'പാർട്ടിസിപ്പേഷൻ ഫോർ പ്ലാനിങ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' എന്നതിന്റെ ചുരുക്കപ്പേരാണ് പെപ്പർ. കോട്ടയം ജില്ലയിലെ വൈക്കത്ത് പദ്ധതിക്ക് തുടക്കമിട്ടു.

**പേയ്മെന്റ് ഗേറ്റ് വേ :** സാമൂഹിക സുരക്ഷാമിഷൻെറ ജനക്ഷേമ പദ്ധതികൾ സാക്ഷാത്കരിക്കുന്നതിനു രാജ്യത്തിനകത്തും പുറത്തുമുള്ളവർക്ക് ചെറുതും വലുതുമായ തുകകൾ പേയ്മെന്റ് ഗേറ്റ്വേ വഴി സംഭാവന സ്വീകരിക്കുന്ന പദ്ധതി.

**പ്രതീക്ഷ :** ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾക്കായി ഗ്രാമ ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതി.

**പ്രതീക്ഷാഭവൻ :** ബുദ്ധിവൈകല്യമുള്ള 18 വയസ്സുകഴിഞ്ഞ പുരുഷന്മാർക്കുള്ള സ്ഥാപനം. മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്നു.

**പ്രത്യാശ :** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കൾക്കു പെൺമക്കളുടെ വിവാഹം നടത്തുന്നതിനായി ധനസഹായം നൽകി വരുന്ന പദ്ധതി. 50,000 രൂപയാണ് നൽകിവരുന്ന തുക.

**പ്രത്യാശാ ഭവൻ :** ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനം. തൃശ്ശൂർ ജില്ലയിലെ രാമവർമ്മപുരത്തു പ്രവർത്തിക്കുന്നു.

**ബാല വികലാംഗ സദനം :**16 വയസ്സുവരെയുള്ള വികലാംഗരായ കുട്ടികൾക്കുള്ള സ്ഥാപനം. പഠന - തൊഴിൽ പരിശീലന സൗകര്യങ്ങളുണ്ട്. ആലപ്പുഴയും കണ്ണൂരും ഈ സ്ഥാപനമുണ്ട്.

**ബാലമുകുളം :** സംസ്ഥാന ആയുർവേദ വകുപ്പ് നടപ്പിലാക്കിയ സ്കൂൾതല ആരോഗ്യ പദ്ധതി.

**ഭൂരഹിതരില്ലാത്ത കേരളം :** ഭൂമിയില്ലാത്ത ദുർബലരായവർക്ക് ഭൂമി പ്രദാനം ചെയ്യുന്നതിനായി 2013ൽ കേരള സർക്കാർ ആരംഭിച്ച പദ്ധതി.

**മന്ദഹാസം :** വയോജനങ്ങൾക്ക് കൃത്രിമ ദന്തം നൽകുന്നതിനുള്ള സാമൂഹിക നീതി വകുപ്പിന്റെ പദ്ധതി

**മധുമുക്തി :** കുടുംബങ്ങളിൽ ലഹരി ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന അസ്വാരസ്യങ്ങളും തകർച്ചകളും ഇല്ലായ്മ ചെയ്യുകയാണ് മധുമുക്തി എന്ന പരിപാടി കൊണ്ട് ലക്ഷ്യമിടുന്നത്.

**മഴപ്പൊലിമ :** മഴവെള്ളം സംഭരിച്ചുവെച്ച് ആവശ്യാനുസരണം ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി. ഹരിത കേരളം മിഷൻെറ നേതൃത്വത്തിൽ തുടങ്ങിയ പദ്ധതി പ്രകാരം വീടുകളിലെ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ചെറുപൈപ്പുകൾ ഉപയോഗിച്ച് കിണറുകളിൽ ശേഖരിക്കുകയാണ് ചെയ്യുന്നത്.


**മഹിളാമന്ദിരം :** വിധവകൾ, വിവാഹമോചിതർ, അഗതികളായ സ്ത്രീകൾ എന്നിവർക്ക് താമസസൗകര്യമൊരുക്കുന്ന സ്ഥാപനം. ആറ് വയസ്സുവരെയുള്ള കുട്ടികളെ കൂടെ താമസിപ്പിക്കാം. ഇടുക്കി ഒഴികെ എല്ലാ ജില്ലകളിലും മഹിളാമന്ദിരമുണ്ട്.

**മാതൃയാനം :** പ്രസവത്തിനുശേഷം മാതാവിനെയും കുഞ്ഞിനെയും തിരികെ വീട്ടിൽ എത്തിക്കുന്ന പദ്ധതി.

**മാതൃജ്യോതി :** കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് നവജാത ശിശുവിന്റെ പരിചരണത്തിന് 2000 രൂപ ധനസഹായം നൽകുന്ന പദ്ധതി.

**മിശ്രവിവാഹ ധനസഹായ പദ്ധതി:** 22,000 രൂപയ്ക്കു താഴെ വാർഷിക വരുമാനമുള്ള വിവാഹം കഴിഞ്ഞ് മൂന്ന് വർഷം കഴിയാത്തവർക്കാണു സഹായം അനുവദിക്കുന്നത്. 30,000 രൂപ വരെ ധനസഹായം നൽകും.

**മിത്ര 181 :** അടിയന്തരഘട്ടങ്ങളിലും അല്ലാത്തപ്പോഴും സ്ത്രീകൾക്കു വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന സംവിധാനം. വനിതാ വികസന കോർപ്പറേഷന്റെ ഏകോപനത്തിൽ 181 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തിക്കുന്നു. വിദഗ്ധ പരിശീലനം നേടിയ വനിതകളെയാണ് 24 മണിക്കൂറും സ്ത്രീപക്ഷ സേവനങ്ങൾക്കായുള്ള ഹെൽപ്പ്ലൈൻ നടത്തുന്നതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.




(തുടരും)